# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2996** **07.11.2019 ൽ മറുപടിക്ക്**

**നിലമ്പൂർ മണ്ഡലത്തിൽ വെള്ളക്കെട്ടിന് സാധ്യതയുള്ള നിരത്തുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ട പൊതുമരാമത്ത് നിരത്തുകളിലെ ഭാഗങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; | (എ) കോഴിക്കോട് - നിലമ്പൂർ - ഗൂഡല്ലൂർ സംസ്ഥാനപാതയിൽ മമ്പാട് ടൗൺ വടപുറം, ജ്യോതി പടി, കീർത്തിപടി, ജനതപടി, മിനർവ പടി. താഴെ ചന്തക്കുന്ന്, വെള്ളിയം തോട്, കരിമ്പുഴ, പൂച്ചക്കുത്ത്, മുട്ടിക്കടവ്, ചുങ്കത്തറ, ഇടമല, മുപ്പിനി, കലാസാഗർ, എടക്കര ടൗൺ, എടക്കര വില്ലേജ് പടി, നിലമ്പൂർ, വഴിക്കടവ്, കെട്ടുങ്ങൽ, അകമ്പാടം പാതാർ റോഡിൽ കി.മീ.11/1140 കി.മീ 11/350, പാതാർ ഭൂതാനം പാലുണ്ട, മുണ്ടേരി റോഡിൽ പാണ്ടിപ്പുഴ, കുറ്റിപ്പാല, മുക്കം, മേലേമുണ്ടേരി പെരുനിലാവ് - പട്ടാമ്പി, പെരുന്തൽമണ്ണ – നിലമ്പൂർ റോഡിൽ പന്നിക്കോട്ടുമുണ്ട എന്നിവയാണ് 2019 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വെള്ളം കയറി ഗതാഗതം തടസ്സപ്പെട്ട ഭാഗങ്ങൾ. |
| (ബി) വരും വർഷങ്ങളിലും പ്രളയ സാധ്യത നിലനിൽക്കുന്നതിനാൽ ഈ ഭാഗങ്ങളിൽ എന്തുതരം മുൻകരുതലുകളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) മഴവെള്ളം ഒഴിഞ്ഞു പോകുന്നതിനാവശ്യമായ വെള്ളച്ചാലുകളും കലുങ്കുകളും നിർമ്മിച്ച് പരാപാലിക്കുന്നതാണ്. |
| (സി) വെള്ളക്കെട്ടിന് സാധ്യതയുള്ള പൊതുമരാമത്ത് നിരത്തുകളിലെ ഭാഗങ്ങൾ ഉയർത്തുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) നിലമ്പൂർ ടൗണിലെ കീർത്തിപ്പടി മുതൽ താഴെ ചന്തക്കുന്ന് വരെയും വെളിയംകോട് ഭാഗത്തും, പ്രവൃത്തി നടന്നു വരുന്ന നാടുകാണി - പരപ്പനങ്ങാടി പാത നവീകരണ പ്രവൃത്തിയുടെ ഭാഗമായി വെള്ളക്കെട്ടിന് സാധ്യതയുള്ള നിരത്ത് ഭാഗങ്ങൾ ഉയർത്തുന്ന പ്രവൃത്തി പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) നാട്ടുകാണി-പരപ്പനങ്ങാടി പാതയുടെ വഴിക്കടവ് ച്ചരം മുതൽ വടപുറം പാലം വരെയുള്ള ഉപരിതലം ബി.എം.&ബി.സി. ചെയ്യുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ